**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4434** **06-03-2023 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കശുവണ്ടി തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **സംസ്ഥാനത്ത് കശുവണ്ടി തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായത്തിൽ പ്രമുഖമായ കശുവണ്ടി വ്യവസായം മുൻപില്ലാത്ത വിധം വെല്ലുവിളികളും പ്രതിസന്ധികളും നേരിടുകയാണ്. ഭാഗിക യന്ത്രവത്ക്കരണത്തോടെ കശുവണ്ടി വ്യവസായ രംഗത്തേയ്ക്ക് വിയറ്റ്നാമിന്റെ വരവ്, തോട്ടണ്ടിയ്ക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കം, പ്രകൃതി ദുരന്തങ്ങൾ, ആഗോള വ്യാപകമായി പടർന്ന് പിടിച്ച കോവിഡ് മഹാമാരി എന്നിങ്ങനെ വിവിധ കാരണങ്ങളാൽ സ്വകാര്യമേഖല ഉൾപ്പെടെ സംസ്ഥാനത്തെ കശുവണ്ടി വ്യവസായം 2015 മുതൽ പ്രതിസന്ധി യിലാണ്. എന്നിരുന്നാലും ഇക്കാലയളവിലും പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിൽ നിന്നും കൈപിടിച്ചുയർത്താൻ സാധ്യമായ എല്ലാ സാമ്പത്തിക സഹായവും പൂർണ്ണ പിന്തുണയും സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.**<br><br>**ഇതിന്റെ ഭാഗമായി സ്വകാര്യ കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിനും പരിപോഷിപ്പിക്കുന്ന തിനുമായി** |

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ആകെ 37 കോടി രൂപ അനുവദിച്ചിരുന്നു. കോവിഡ് മഹാമാരി മൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനീകരണത്തിനുള്ള മൂലധന സഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപയും കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കാനുമായി 30 കോടി രൂപയുമാണ് ബജറ്റിൽ നീക്കി വച്ചിട്ടുള്ളത്.

കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധികളും ആശങ്കകളും വിലയിരുത്തുന്ന തിനായി വ്യവസായ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കശുവണ്ടി വ്യവസായികളുടെ ഒരു യോഗം ചേർന്നിരുന്നു. അന്നേദിവസം തന്നെ കശുവണ്ടി മേഖലയിലെ വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി മന്ത്രി ചർച്ച നടത്തുകയും തൊഴിലാളികളുടെ പ്രശ്നങ്ങൾ കേൾക്കുകയും ചെയ്തു. പ്രസ്തുത യോഗങ്ങളുടെ തുടർച്ചയായി, സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചു. ടി സമിതി ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ, കാപ്പക്സ്, കാഷ്യൂ കോർപ്പറേഷൻ, കശുമാവ് കൃഷി വികസന ഏജൻസി, കാഷ്യൂ എക്സ്പേർട്ട് പ്രമോഷൻ കൗൺസിൽ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച നടത്തുകയും കശുവണ്ടി ഫാക്ടറികൾ സന്ദർശിച്ച് പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയ്ക്ക് അടിയന്തര ആശ്വാസം നൽകാനുതകുന്നതും ഉടൻ നടപ്പിലാക്കാൻ സാധിക്കുന്നതുമായ ഹ്രസ്വകാല പദ്ധതികൾ ഉൾപ്പെടുത്തിയുള്ള ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. ഇതനുസരിച്ച് സ്വകാര്യ കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപ വിനിയോഗിച്ച് നിലവിൽ പ്രവർത്തന ക്ഷമമായ

| | | | |
|---|---|---|---|
| | | | **സ്വകാര്യ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്കായി 3 ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.**<br><br>കൂടാതെ സ്വകാര്യ മേഖലയിലെ ചെറുകിട- ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന/ ആധുനീകരണ മൂലധനമായി ബജറ്റിൽ വകയിരുത്തിയ 7 കോടി രൂപയും അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇ.എസ്.ഐ. മെഡിക്കൽ കോളേജുകളിൽ തൊഴിലാളികളുടെ മക്കൾക്ക് സംവരണം ചെയ്തിരുന്ന മുപ്പത് ശതമാനം സീറ്റ് പുനഃസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | ഇ.എസ്.ഐ. മെഡിക്കൽ കോളേജുകളിൽ തൊഴിലാളികളുടെ മക്കൾക്ക് സംവരണം ചെയ്തിരുന്ന മുപ്പത് ശതമാനം സീറ്റ് പുനഃസ്ഥാപിക്കുന്നതിന് ഇ.എസ്.ഐ കോർപ്പറേഷനാണ് നടപടികൾ സ്വീകരി ക്കേണ്ടത്. |
| (സി) | തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്നതിനായി നിലവിലുള്ള ഹാജർ മാനദണ്ഡത്തിൽ മാറ്റം വരുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്നതിനായി നിലവിൽ അർദ്ധ വാർഷിക കാലയളവിൽ 78 ഹാജർ ആവശ്യമാണ്. ആയതിൽ മാറ്റം വരുത്തുന്നതിന് ഇ. എസ് .ഐ കോർപ്പറേഷ നാണ് നടപടികൾ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ (ഗ്രാമപഞ്ചായത്തുകൾ) വിവരം

### തിരുവനന്തപുരം ജില്ല

തിരുവനന്തപുരം ജില്ലയിൽ 73 പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു. വക്കം, മുദാക്കൽ, കിഴുവിലം, കടയ്ക്കാവൂർ, ചിറയിൻകീഴ്, അഞ്ചുതെങ്ങ്, പുളിമാത്ത്, പഴയകുന്നുമേൽ, പള്ളിക്കൽ, നാവായിക്കുളം, നാഗരൂർ, മടവൂർ, കിളിമാനൂർ, കരവാരം, വെമ്പായം, കരകുളം, പനവൂർ, അരുവിക്കര, ആനാട്, പോത്തൻകോട്, മംഗലാപുരം, കഠിനംകുളം, അഴൂർ, അണ്ടൂർക്കോണം, വാമനാപുരം, പുല്ലമ്പാറ, പെരിങ്ങമ്മല, പാങ്ങോട്, നെല്ലനാട്, കാണിക്കൽ, കല്ലറ, വെട്ടൂർ, ഒറ്റൂർ, മണമ്പൂർ, ഇലകമൺ, ഇടവ, ചെറുന്നിയൂർ, ചെമ്മരുത്തി, പൂവാർ, കുളത്തൂർ, പാറശ്ശാല, കാരോട്, തിരുപുറം, ചെങ്കൽ, കാഞ്ഞിരംകുളം, കരിങ്കുളം, കോട്ടുകാൽ, വെങ്ങാനൂർ, അതിയന്നൂർ, വിളവൂർക്കൽ വിളപ്പിൽ, പള്ളിച്ചൽ, മാറനല്ലൂർ, മലയിൻകീഴ്, കല്ലിയൂർ, ബാലരാമപുരം, വെള്ളറട, അമ്പൂരി, വള്ളിക്കാട്, ഒറ്റശേഖരമംഗലം, ആര്യങ്കോട്, പെരുങ്കടവിള, കൊല്ലയിൽ, കുന്നത്തുകാൽ, വിതുര, വെള്ളനാട്, ഉഴമലയ്ക്കൽ, തൊളിക്കോട്, പൂവച്ചൽ, കുറ്റിച്ചൽ, കാട്ടാക്കട, ആര്യനാട് എന്നീ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു.

### കൊല്ലം ജില്ല

കൊല്ലം ജില്ലയിലെ ഇട്ടിവ, നിലമേൽ, വെളിനെല്ലൂർ, കുളത്തുപ്പുഴ, ഏരൂർ, അലയമൺ, അഞ്ചൽ, ഇടമുളയ്ക്കൽ, തെന്മല, പൂതക്കുളം, കല്ലുവാതിക്കൽ, ചാത്തന്നൂർ, പൂയപ്പള്ളി, എഴുകോൺ, നെടുവത്തൂർ, തൃക്കോവിൽവട്ടം, ഇളമ്പള്ളൂർ, കൊറ്റംകര, നെടുമ്പന, കലയ്ക്കോടെഖരപുരം, ചവറ, പന്മന, തേവലക്കര, നീണ്ടകര, വിളക്കുടി, പിറവന്തൂർ, പട്ടാഴി, വടക്കേക്കര, വെട്ടിക്കവല, മേലില, ഉമ്മന്നൂർ, കുളക്കട, പോരുവഴി, ശാസ്താംകോട്ട, ശൂരനാട്, കുന്നത്തൂർ, മൈനാഗപ്പള്ളി, കുണ്ടറ എന്നീ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു.

### പത്തനംതിട്ട ജില്ല

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര, ചെറുകോൽ, കോഴഞ്ചേരി, നാരങ്ങാനം, ഓമല്ലൂർ, ആയൂർ, ഇരവിപ്പേരൂർ, എഴുമറ്റൂർ, പുറമറ്റം, തോട്ടപ്പുഴശ്ശേരി, അരുവാപ്പുലം, കോന്നി, മലയാലപ്പുഴ, പ്രമാടം, വള്ളിക്കോട്, ആനിക്കോട്, കവിയൂർ, കോടനാട്, കുന്നന്താനം, മല്ലപ്പള്ളി, ആറന്മുള, കുളനട, മെഴുവേലിൽ, പന്തളം, തുമ്പമൺ, കലഞ്ഞൂർ, ഏലാദിമംഗലം, ഏഴംകുളം ഏറത്ത്, കടമ്പനാട്, കടപ്ര, കുറ്റൂർ, നിരണം, പെരിങ്ങര, റാന്നി അങ്ങാടി, റാന്നി പെരിനാട്

എന്നീ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു.

**ആലപ്പുഴ ജില്ല**

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് , പുറക്കാട് , പുന്നപ്ര തെക്ക് , എടത്വ , കൈനകരി, ചമ്പക്കുളം, തകഴി, നെടുമുടി, കാവാലം, പുളിങ്കുന്ന്, നീലംപേരൂർ, മുട്ടാർ, രാമങ്കരി, വെളിയനാട്, ആര്യാട്, മാരാരിക്കുളം തെക്ക്, മുഹമ്മ, കഞ്ഞിക്കുഴി, ചേർത്തല തെക്ക്, വയലാർ, അരൂക്കുറ്റി, ചേന്നംപള്ളിപ്പുറം, പാണാവള്ളി, പെരുമ്പളം, തൈക്കാട്ടുശ്ശേരി, തൃക്കുന്നപ്പുഴ, കാർത്തികപ്പള്ളി, പള്ളിപ്പാട്, ചെറുതന, കരുവാറ്റ, വീയപുരം, ആല, വെൺമണി, പാണ്ടനാട്, മാവേലിക്കര, തെക്കേക്കര, ചെട്ടിക്കുളങ്ങര, ചെന്നിത്തല, തഴക്കര, ഭരണിക്കാവ്, പാലമേൽ, ചുനക്കര, നൂറനാട്, താമരക്കുളം, ചെറിയനാട്, മുളമ്പുഴ എന്നീ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു.

**കോട്ടയം ജില്ല**

കോട്ടയം ജില്ലയിലെ അയ്മനം, അർപ്പൂക്കര, അതിരമ്പുഴ, അയർക്കുന്നം, ചെമ്പ്, കടുത്തുരുത്തി, കല്ലറ, കങ്ങഴ, കാഞ്ഞിരപ്പള്ളി, കാരൂർ, കുമരകം, കുറിച്ചി, മണാർക്കാട്, മണിമല, മാഞ്ഞൂർ, മറവൻതുരുത്ത്, മീനച്ചിൽ, മുളക്കുളം, നെടുങ്കുന്നം, നീണ്ടൂർ, ഞീഴൂർ, പനച്ചിക്കാട്, പാറത്തോട്, പയിപ്പാട്, പുതുപ്പള്ളി, ടി വി പുരം, തലയാഴം, തലയോലപ്പറമ്പ്, തിരുവാർപ്പ് , തൃക്കോയിതാനം, ഉദയനാപുരം, വാഴപ്പള്ളി, വാഴൂർ, വെച്ചൂർ, വെളിയന്നൂർ, വെള്ളാവൂർ, വെല്ലൂർ, വിജയപുരം എന്നീ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു.

**ഇടുക്കി ജില്ല**

ഇടുക്കി ജില്ലയിലെ അടിമാലി, അലക്കോട്, അറക്കുളം, അയ്യപ്പൻകോവിൽ, ബൈസൺവാലി, ചക്കുപല്ലം, ഏലപ്പാറ, ഇടവെട്ടി, കാഞ്ചിയാർ, കഞ്ഞിക്കുഴി, കാന്തല്ലൂർ, കൊടിക്കുളം, കൊക്കയാർ, കൊന്നത്തടി, കുടയത്തൂർ, കുമാരമംഗലം, കുമിളി, മണക്കാട്, മൺകുളം, നെടുങ്കണ്ടം, പള്ളിവാസൽ, പാമ്പാട്ടുംപാറ, പീരുമേട്, പുറപ്പുഴ, രാജക്കാട്, രാജകുമാരി, ഉടുമ്പൻചോല, ഉടുമ്പന്നൂർ, ഉപ്പുത്തറ, വണ്ടൻമേട്, വണ്ണപ്പുറം, വട്ടവട, വാഴത്തോപ്പ്, വെള്ളത്തൂവൽ, വെള്ളിയമറ്റം എന്നീ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു.

**എറണാകുളം ജില്ല**

എറണാകുളം ജില്ലയിലെ ഐക്കരനാട്, ആലങ്ങാട്, ആയവന, ചെല്ലാനം, ചേരാനല്ലൂർ, ചിറ്റാറ്റുക്കര, എടക്കാട്ടുവയൽ, എടവനക്കാട്, ഏഴിക്കര, കടമക്കുടി, കൊട്ടുങ്ങല്ലൂർ, കാലടി, കരുമാല്ലൂർ, കീഴ്മാട്, കോട്ടപ്പടി, കോട്ടുവള്ളി, കുമ്പളം, കുമ്പളങ്ങി, കുഴുപ്പിള്ളി, മലയാറ്റൂർ നീലീശ്വരം, മഞ്ഞപ്ര, മുടക്കുഴ, മുളവുകാട്, പൈങ്ങോട്ടൂർ, പള്ളിപ്പുറം, പുത്തൻവേലിക്കര, രാമമംഗലം, വടക്കേകര, വടവുക്കോട്, വാളകം, വരാപ്പുഴ, വാഴക്കുളം എന്നീ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു.

## തൃശ്ശൂർ ജില്ല

തൃശ്ശൂർ ജില്ലയിലെ താന്ന്യം, ചാഴൂർ, അന്തിക്കാട്, അരിമ്പൂർ, തളിക്കുളം, വാടാനപ്പള്ളി, നാട്ടിക, കാട്ടൂർ, പറപ്പൂക്കര, പടിയൂർ, വേളൂക്കര, പോർക്കുളം, ചൊവ്വന്നൂർ, ചൂണ്ടൽ, കണ്ടാണശ്ശേരി, കാട്ടകാമ്പൽ, കടങ്ങോട്, പഴയന്നൂർ, ചേലക്കര, കൊണ്ടാഴി, പാഞ്ഞാൾ, തിരുവില്വാമല, ദേശമംഗലം, തെക്കുംകര, വരവൂർ, പുന്നയൂർക്കുളം, എടത്തിരുത്തി, കൈപ്പമംഗലം, മാള, പൊയ്യ, കുഴൂർ, ആളൂർ, അതിരപ്പള്ളി, അളഗപ്പനഗർ, കൊടകര, മറ്റത്തൂർ, പുതുക്കാട്, തൃശ്ശൂർ, വരന്തരപ്പിള്ളി, മാടക്കത്തറ, നടത്തറ, പാണഞ്ചേരി, പുത്തൂർ, കോലഴി, അടാട്ട്, അവണ്ണൂർ, കൈപ്പറമ്പ്, തോളൂർ, ചേർപ്പ് , പാറളം, വല്ലച്ചിറ എന്നീ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു.

## പാലക്കാട് ജില്ല

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് , പൂക്കോട്ട്കാവ് , ശ്രീകൃഷ്ണപുരം, വെള്ളിനേഴി, അനങ്ങാടി, ചളവറ, ലക്കിടി പേരൂർ, വലിയംകുളം, കേരളശ്ശേരി, മങ്കര, പട്ടാഞ്ചേരി, പിറയിരി, കോട്ടോപാടം, കുമാരംപുത്തൂർ, തച്ചനാട്ടുകര, കോട്ടായി, കുത്തനൂർ, കുഴൽമന്ദം, മാത്തൂർ, പെരിങ്ങോട്ട് കുറിശ്ശി, കണ്ണാടി, കൊല്ലങ്കോട്, മരുതറോഡ് , മേലാർകോട്, നെല്ലിയാമ്പതി, ഇളവഞ്ചേരി, പേരുവെമ്പ്, കാരാകുറിശ്ശി, നെല്ലായ, മൂണ്ടൂർ, അനക്കാര എന്നീ ഗ്രാമപഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു.

## മലപ്പുറം ജില്ല

മലപ്പുറം ജില്ലയിലെ ചാലിയാർ, മൂത്തേടം, ഇടക്കര, പോത്തികല്ല്, മമ്പാട്, പാണ്ടിക്കാട്, തിരുവാലി, അമരമ്പലം, കരുളായി, കരുവാരകുണ്ട്, പുറത്തൂർ, തലക്കാട്, ത്രിപങ്ങോട്, വെട്ടം, തിരുന്നാവായ, മംഗലം, പേരുവല്ലൂർ, ചെറുകാവ്, ആലിപ്പറമ്പ, മേലറ്റൂർ, അങ്ങാടിപ്പുറം, മൂർക്കനാട്, ഊർങ്ങാടിരി, കീഴുപറമ്പ്, പുൽപ്പറ്റ, ചീക്കോട്, അരീക്കോട്, കുഴിമണ്ണ, എ ആർ നഗർ, എടരിക്കോട്, മാറ്റാക്കര, കുറ്റിപ്പുറം, കല്പകഞ്ചേരി, വട്ടംകുളം, ഇടപ്പാൾ എന്നീ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു.

## കോഴിക്കോട് ജില്ല

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ, കുന്നുമ്മൽ, കുറ്റ്യാടി, കായക്കൊടി, വേളം, കാവിലുംപാറ, മരുതോങ്കര, ഇടച്ചേരി, പുറമേരി, നാദാപുരം, തൂണേരി, വാണിമേൽ, വളയം, ചെക്യാട്, വില്ല്യാപ്പള്ളി, തിരുവള്ളൂർ, ആയഞ്ചേരി, മണിയൂർ, അഴിയൂർ, ചോറോട്, ഏറാമല, ഒഞ്ചിയം, തുറയൂർ, തിക്കൊടി, കീഴരിയൂർ, മേപ്പയ്യൂർ, തിരുവമ്പാടി, കൂടരഞ്ഞി, കിഴക്കോത്ത്, മടവൂർ, പുതുപ്പാടി, താമരശ്ശേരി, ഓമശ്ശേരി, കട്ടിപ്പാറ, കോടഞ്ചേരി, കുരുവട്ടൂർ, മാവൂർ, കാരശ്ശേരി, കുന്ദമംഗലം, ചാത്തമംഗലം, പെരുവയൽ, പെരുമണ്ണ, കൊടിയത്തൂർ, കക്കോടി, ചേളന്നൂർ,

കാക്കൂർ, നന്മണ്ട, നരിക്കുനി, തലക്കുളത്തൂർ, അത്തോളി, ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, അരിക്കുളം, മൂടാടി, കടലുണ്ടി, ഒളവണ്ണ, ബാലുശ്ശേരി, കൂരാച്ചുണ്ട്, കോട്ടൂർ, നടുവണ്ണൂർ, ഉള്ള്യേരി, പനങ്ങാട്, ഉണ്ണികുളം, ചക്കിട്ടപ്പാറ, ചങ്ങരോത്ത്, ചെറുവണ്ണൂർ, കുത്താളി, നൊച്ചാട്, പേരാമ്പ്ര, കായണ്ണ എന്നീ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു.

**വയനാട് ജില്ല**

വയനാട് ജില്ലയിലെ വെള്ളമുണ്ട, തിരുനെല്ലി, തൊണ്ടർനാട്, എടവക, തവിഞ്ഞാൽ, മീനങ്ങാടി, നെന്മേനി, അമ്പലവയൽ, നൂൽപ്പുഴ, കോട്ടത്തറ, വേങ്ങാപ്പള്ളി, വൈത്തിരി, മുട്ടിൽ, തരിക്കോട്, പൊഴുതന, മേപ്പാടി, പടിഞ്ഞാറത്തറ, മൂപ്പൈനാട്, പനമരം, പൂതാടി, മുള്ളൻക്കൊല്ലി, പുൽപ്പള്ളി, കണിയാമ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു.

**കണ്ണൂർ ജില്ല**

കണ്ണൂർ ജില്ലയിലെ കോളച്ചേരി, പെരളശ്ശേരി, ഇരിക്കൂർ, പടിയൂർ, ആറളം, പായം, തില്ലങ്കേരി, ചെറുതാഴം, മാടായി, മാട്ടൂൽ, ചെറുകുന്ന് , നാറാത്ത് , പാപ്പിനിശ്ശേരി, ചിറയ്ക്കൽ, അഴീക്കോട് , ചിറ്റാരിപറമ്പ്, കോട്ടയം, കുന്നോത്ത്പറമ്പ്, മങ്ങാട്ടിടം, പാട്ടിയം, ചൊക്ലി, മൊകേരി, പന്നിയന്നൂർ, കുഞ്ഞിമംഗലം, രാമന്തളി, കാങ്കോൽ ആലപ്പറമ്പ്, കരിവെള്ളൂർ, പെരളം, ഏരമം കുറ്റൂർ, പെരിങ്ങോം, വായക്കര, കോളയാട്, പേരാവൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു.

**കാസർഗോഡ് ജില്ല**

കാസർഗോഡ് ജില്ലയിലെ പള്ളിക്കര, കയ്യൂർചീമേനി, ബെള്ളൂർ, അജാനൂർ, പനത്തടി, ബേഡടുക്ക, വെസ്റ്റ് എളേരി, മംഗൽപാടി, കാറഡുക്ക, ചെറുവത്തൂർ, മഞ്ചേശ്വരം, മടിക്കൈ, പുലിക്കോട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ